പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3019 | 13.10. 2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോലീസ് നവീകരണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പോലീസ് നവീകരണ പദ്ധതിക്ക് നാളിതുവരെ എത്ര രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട് ; | : | (എ) പോലീസ് നവീകരണ പദ്ധതിക്ക് നാളിതുവരെ 31,239.68 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫണ്ടിൽ നിന്ന് വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ; | : | (ബി) ഈ ഫണ്ടിൽ നിന്ന് 11,662.82 ലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട് |
| (സി) ഏതെല്ലാം വാഹനങ്ങൾ വാങ്ങിയെന്ന് വിശദീകരണം നൽകുമോ ; എത്ര കാറുകൾ, ജീപ്പുകൾ, ടൂവീലറുകൾ എന്നിവ വാങ്ങിയെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കുമോ ; | : | (സി) |

| | വാഹനങ്ങളുടെ ഇനം | എണ്ണം | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | ഇരുചക്ര വാഹനങ്ങൾ | 668 | 273.36 |
| 2. | ജീപ്പുകൾ (ബോലേറോ, ഇൻവേഡർ എന്നിവയുൾപ്പെടെ) | 949 | 3125.52 |
| 3. | കാറുകൾ (റ്റാറ്റാ സുമോ, ടവേര, ഇന്നോവ, ക്വാളിസ്) | 575 | 2185.65 |
| 4. | ബസുകൾ | 204 | 3062.35 |
| 5. | ബോട്ടുകൾ | 19 | 114.26 |
| 6. | ടെമ്പോ ട്രാവലർ, റിക്കവറി വാഹനങ്ങൾ, വാട്ടർ ടാങ്കർ, സ്കോർപിയോ, ആംബുലൻസ്, വജ്ര, മൊബൈൽ കെന്നൽ വാഹനങ്ങൾ, വാട്ടർ കാനൻ, ഓപൺ ലോറി, ടാറ്റാ വിങ്ങർ, Qrt. വാഹനങ്ങൾ, മഹീന്ദ്ര സൈലോ എന്നിവ | 416 | 2901.68 |
| | ആകെ | | 11,662.82 |

(...............2)

(ഡി) പ്രസ്തുത വാഹനങ്ങളിൽ സിറ്റി പോലീസ് കമ്മീഷണർ മുതൽ മുകളിലോട്ടുള്ള എല്ലാ ഓഫീസു- കളുമായി ബന്ധപ്പെടുത്തി എത്ര വാഹനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ ജില്ലയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

: (ഡി) ജില്ലകളിൽ ക്രമസമാധാന പരിപാലനത്തിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർക്കും അവർക്ക് കീഴിലുമായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് **3851** വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.

(ഇ) നവീകരണത്തിന്റെ ഭാഗമായി മോഡണൈസേഷൻ ഫണ്ടുപയോഗിച്ച് കേരളാ പോലീസ് എത്ര ജനറേറ്റർ വാങ്ങിയിട്ടുണ്ട് ; ഏതെല്ലാം തരം ; എത്ര തുക ചെലവഴിച്ചു ; ഇതിൽ എത്രയെണ്ണം ഉപയോഗ ശൂന്യമായി എന്നും വിശദമാക്കുമോ ;

: (ഇ) നവീകരണത്തിന്റെ ഭാഗമായി മോഡണൈസേഷൻ ഫണ്ട് ഉപയോഗിച്ച് 78 ജനറേറ്ററുകൾ (76 എണ്ണം പോർട്ടബിൾ, 2 എണ്ണം 100 കെ.വി.എ.) വാങ്ങിയിട്ടുണ്ട്. ആയതിലേയ്ക്ക് 44.90 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിൽ 7 എണ്ണം ഉപയോഗ ശൂന്യമായിരിക്കുകയാണ്.

(എഫ്) കമ്പ്യൂട്ടർ, അൽക്കോമീറ്റർ, ലാപ്ടോപ്പ്, ക്യാമറ, ഡിജിറ്റൽ ക്യാമറ എന്നീ ഉപകരണങ്ങൾ വാങ്ങിയതിന്റെ എണ്ണവും വിലയും വ്യക്തമാക്കാമോ ;

: (എഫ്)

| | ഇനം | എണ്ണം | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | കമ്പ്യൂട്ടർ | 2089 | 737.04 |
| 2. | ആൽക്കോമീറ്റർ | 245 | 141.47 |
| 3. | ലാപ്ടോപ്പ് | 116 | 70.02 |
| 4. | ക്യാമറ | 47 | 80.04 |
| 5. | ഡിജിറ്റൽ ക്യാമറ | 271 | 37.61 |

(ജി) നവീകരണത്തിന്റെ ഭാഗമായി ഇന്നേവരെ തിരുവനന്തപുരം സിറ്റി കൺട്രോൾ റൂം, കൊച്ചിൻ സിറ്റി കൺട്രോൾ റൂം, കോഴിക്കോട് സിറ്റി കൺട്രോൾ റൂം എന്നിവിടങ്ങളിലെ നവികരണത്തിനായി വിവിധ കാലയളവുകളിൽ ചെലവഴിച്ച തുകയെത്ര ; അവിടേക്ക് വാങ്ങിയ ഉപകരണങ്ങളുടെ തുകയെത്ര എന്നും വ്യക്തമാക്കുമോ ?

: (ജി)

| | ജില്ല | ഇനം | ചെലവായ തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം സിറ്റി | ഡയൽ 100 സിസ്റ്റം | 89.00 |
| 2. | കൊച്ചി സിറ്റി | ഡയൽ 100 സിസ്റ്റം<br>വീഡിയോവാൾ | 118.78 |
| 3. | കോഴിക്കോട് സിറ്റി | ഡയൽ 100 സിസ്റ്റം | 63.89 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്